CYAN MAGENTA YELLOW BLACK

# പ്രതിഛായ

www.pratichaya.com

●വാല്യം 2 ●ലക്കം 33 ● എല്ലാ ബുധനാഴ്ചയും പ്രസിദ്ധീകരിക്കുന്നു ●2009 മെയ് 6

# ലോകത്തിനു മുഴുവൻ ഭീഷണി ഉയർത്തുന്ന തീവ്രവാദം

**ഡോ. കുര്യാസ് കുമ്പളക്കുഴി**



പാലുകൊടുത്ത കൈയിൽ കടിക്കുക എന്നു കേട്ടിട്ടേയുള്ളൂ. അതിപ്പോൾ പാകിസ്ഥാൻ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. അവർ പാലൂട്ടി വളർത്തിയ അഫ്ഗാൻ മതതീവ്രവാദപ്രസ്ഥാനം താലിബാൻ, പാകിസ്ഥാനെ ഉന്മൂലനം ചെയ്യാൻ വഴികൾ ആരാഞ്ഞു തുടങ്ങിയിരിക്കുകയാണത്രെ. സ്വാത് താഴ്വരയിൽ പിടിമുറക്കിയ താലിബാൻ, ഒട്ടകത്തിനു തലവയ്ക്കാനിടം നല്കിയ അറബിയുടെ ദുർവിധിയിലായിരിക്കും പാകിസ്ഥാനെ എത്തിക്കുക. ഈ പശ്ചാത്തലത്തിൽ ലോകത്തിന്റെ മുഴുവൻ ഉറക്കം കെടുത്തുന്ന തീവ്രവാദപ്രസ്ഥാനങ്ങളെപ്പറ്റി ഒരന്വേഷണം പ്രസക്തമാണ്.

ഇന്ന് ലോകത്ത് ഏതാണ്ടെല്ലാ രാജ്യങ്ങളും തീവ്രവാദഭീഷണി നേരിടുന്നുണ്ട്. അതിൽ ഏറ്റവും രൂക്ഷമായത് അന്താരാഷ്ട്ര തീവ്രവാദമായി മാറിയിരിക്കുന്ന, ബിൻ ലാദൻ നേതൃത്വം നല്കുന്ന അൽഖയ്ദയാണ്. 1991ലാണ് ഈ പ്രസ്ഥാനം രൂപംകൊണ്ടത്. അമേരിക്കയ്ക്കെതിരെയുള്ള, വിശുദ്ധയുദ്ധമാണ് പ്രസ്ഥാനത്തിന്റെ പ്രഖ്യാപിത പരിപാടി. ആഫ്രിക്കയിലും മധ്യപൂർവ ദേശത്തുമുള്ള അമേരിക്കൻ സ്ഥാപനങ്ങളും സ്ഥാനപതി കാര്യാലയങ്ങൾക്കുമെതിരെ അവർ ആക്രമണ പരമ്പരതന്നെ അഴിച്ചുവിട്ടു.

**വിമാനങ്ങൾ ഉപയോഗിച്ചുള്ള ചാവേർ ആക്രമണം വേൾഡ് ട്രേഡ് സെന്റർ സംഭവത്തിലാണ് ഏറ്റവും ഭീകരമായ അരങ്ങേറ്റം കുറിച്ചത്. 19 ചാവേറുകൾ ചേർന്നു തട്ടിയെടുത്ത നാലുയാത്രാവിമാനങ്ങളാണ് ഈ സംഭവത്തിൽ ഉപയോഗിക്കപ്പെട്ടത്. രണ്ട് വിമാനങ്ങൾ ട്രേഡ് സെന്ററിനു നേരെ പാഞ്ഞപ്പോൾ മൂന്നാമത്തേത് അമേരിക്കൻ സൈനികാസ്ഥാനമായ പെന്റഗണിലേക്കാണു കുതിച്ചത്. വൈറ്റ് ഹൗസ് ലക്ഷ്യംവച്ചതെന്നു കരുതപ്പെടുന്ന നാലാമത്തെ വിമാനം യാത്രക്കാരും ഭീകരരും തമ്മിലുള്ള ഏറ്റുമുട്ടലിനിടയിൽ തകർന്നു വീണു.**

താലിബാന്റെ പിന്തുണയോടെ ലാദന്റെ അനുയായികൾ അഫ്ഗാനിസ്ഥാൻ മുഖ്യതാവളമാക്കിയാണു ഭീകരാക്രമണങ്ങൾ നടത്തുന്നത്. 2002ൽ ബാലിയിലും 2003ൽ സൗദി അറേബ്യ, മൊറോക്കോ, ഇസ്താംബുൾ എന്നിവിടങ്ങളിലും 2004ൽ മാഡ്രിഡിലും 2005ൽ അമ്മനിലും അൽഖയ്ദ നടത്തിയ ആക്രമണങ്ങൾ ലോകത്തെ ഞെട്ടിച്ചവയാണ്.

അൽഖയ്ദയുടെ ഏറ്റവും ശക്തമായ ആക്രമണം അരങ്ങേറിയത് 2001 സെപ്റ്റംബർ 11 നാണ്. ലോകത്തെ ഏറ്റവും വലിയ ധനവ്യാപാരകേന്ദ്രമായിരുന്ന വേൾഡ് ട്രേഡ് സെന്ററിന്റെ ഇരട്ടഗോപുരങ്ങളിലേക്കു തീവ്രവാദികൾ ഇടിച്ചു കയറ്റിയ വിമാനങ്ങൾ ട്രേഡ് സെന്റർ തകർക്കുകയും മൂവായിരത്തിലധികം പേർക്ക് ജീവഹാനി വരുത്തുകയും ചെയ്തു.

>> 4




*അനുസ്മരണം*



ശ്രീനിവാസ രാമാനുജൻ (1887 – 1920) 15

*മുഖപ്രസംഗം*
വിദ്യാഭ്യാസ മികവു തകർക്കാനോ പുറപ്പാട്? 2

*ചുവരെഴുത്തുകൾ*
തേഞ്ഞിപ്പാലം വിദ്വൽ സദസിലെ വിശേഷങ്ങൾ
ശ്വേതകേതു 3

*രാഷ്ട്രീയ കേരളം*
ഇടതുക്യാമ്പിൽ പരാജയഭീതി പ്രകടം 5
സാബു ജോൺ

*മനസ്സറിയുക ശരീരവും*
സൂക്ഷിച്ചാൽ ദുഃഖിക്കേണ്ട!
ഡോ. (സി.) ഷാലു കോയിക്കര 6

*കാഴ്ചപ്പാട്*
അതിവേഗപാതയും കേരളവും
ജെസ്മോൻ ചാക്കുണ്ണി 7

*അവലോകനം*
വി.കെ. ശ്രീരാമന്റെ വോട്ടും സാഹിത്യ അക്കാദമി അവാർഡും
ബോബി കെ. മാത്യു 9

*ചരിത്രം* 12
നായർ പട്ടാളത്തിന്റെ പതനം
ഡോ. എ.പി. ഇബ്രാഹിം കുഞ്ഞ്

*ജർമൻഡയറി*
യുവനാസ്തികൾ ജർമൻ ജനാധിപത്യം നേരിടുന്ന വെല്ലുവിളി
ജോർജ് കുറ്റിക്കാട്ട് 14

*സമകാലികം*
സിപിഎം – പിഡിപി കൂട്ടുകെട്ട് ആപത്തു പതിയിരിക്കുന്നു
ജോസ് കെ.പി. 17

*പുനരാഖ്യാനം*
മഹാഭാരതം
സവ്യസാചി 18

മറ്റു പംക്തികളും

# പ്രതിച്ഛായ

രാഷ്ട്രീയ സാംസ്കാരിക വാർത്താവാരിക

വാല്യം 2 ലക്കം 33

2009 മെയ് 6

പ്രൊഫ. ഡോ. കുര്യാസ് കുമ്പളക്കുഴി


*വിദ്യാഭ്യാസം ഒരായുധമാണ്. ആർക്കെതിരെ പ്രയോഗിക്കുന്നു എന്നതിനെ ആശ്രയിച്ചാണ് അതിന്റെ ശക്തി*

*- സ്റ്റാലിൻ*

# വിദ്യാഭ്യാസ മികവു തകർക്കാനോ പുറപ്പാട്?

**കേ**രളത്തിൽ ഉന്നതവിദ്യാഭ്യാസ കൗൺസിൽ രൂപീകരിച്ചത് എന്തിനുവേണ്ടിയാണെന്നിപ്പോൾ വ്യക്തമായി. വൈസ് ചാൻസലർ മുതൽ പഞ്ചായത്തു മെമ്പർവരെയും ചീഫ് സെക്രട്ടറി മുതൽ ചുമട്ടുതൊഴിലാളി യൂണിയൻ സെക്രട്ടറി വരെയുമുള്ള അംഗങ്ങളെ കുത്തിനിറച്ച ജംബോ ഭരണസമിതിയുമായി കൗൺസിൽ അവതരിച്ചപ്പൊഴേ വിദ്യാഭ്യാസ വിദഗ്ധർ നെറ്റിചുളിച്ചതാണ്, കേരളത്തിന്റെ വിദ്യാഭ്യാസരംഗം ചുവപ്പണിയിക്കാനാണു പുറപ്പാടെന്ന്. അതിപ്പോൾ സംശയരഹിതമാംവിധം തെളിഞ്ഞുകഴിഞ്ഞു.

സഖാക്കൾ തങ്ങളുടെ സ്വന്തമെന്നും കണ്ണൂരുകാർ അവരുടെ സ്വന്തമെന്നും ഉറപ്പിച്ചുപറയുന്ന കണ്ണൂർ സർവകലാശാലയുടെ ഡിഗ്രി സെമസ്റ്ററൈസേഷന്റെ മറവിൽ ഒന്നാംവർഷം സിലബസ്സിൽ കമ്യൂണിസ്റ്റു ചരിത്രം പൊതുവിഷയമാക്കി പഠിപ്പിക്കാനാണു പുറപ്പാട്. അതിനു കേരളത്തിലെ ചില മാർക്സിസ്റ്റു ചരിത്രകാരന്മാരുടെ കൃതികൾ പഠനത്തിനു നിർദേശിക്കുകയും ചെയ്തിരിക്കുന്നു.

തിരുവിതാംകൂർ ചരിത്രമെഴുതിയ പി. ശങ്കുണ്ണിമേനോനും കൊച്ചിയുടെ ചരിത്രം തയ്യാറാക്കിയ കെ.പി. പത്മനാഭ മോനോനും മലബാർ മാന്വൽ നമുക്കു സമ്മാനിച്ച വില്യം ലോഗനും കണ്ടെത്തിയിടത്തു നിന്നു നമ്മുടെ ഏറ്റവും മഹാനായ ചരിത്രകാരൻ ഇളംകുളം കുഞ്ഞൻപിള്ള കുറെക്കൂടി മുന്നോട്ടെത്തിച്ച കേരള ചരിത്രപഠനം അവിടെനിന്നു പിന്നെ ഒരടിപോലും മുന്നോട്ടു നീങ്ങാനാവാതെ ചുവടുറപ്പിച്ചു നില്ക്കുകയാണ്. പിന്നീടു രംഗത്തു വന്ന ചരിത്രകാരന്മാർ എന്നവകാശപ്പെടുന്ന കുറെ മാർക്സിസ്ററു ബുദ്ധിജീവികൾ ചരിത്രത്തെ തങ്ങളുടെ പ്രത്യയശാസ്ത്രത്തിനനുസരിച്ചു ദുർവ്യാഖ്യാനം ചെയ്യുക മാത്രമാണുണ്ടായിട്ടുള്ളത്. അവരുടേതു ചരിത്രമല്ല, ചരിത്രവിജ്ഞാനീയമാണ്. അടിസ്ഥാനപരമായ സംഭാവനകളൊന്നും അവ ഉള്ളടക്കുന്നില്ല. മാർക്സിസ്റ്റു വീക്ഷണത്തിലുള്ള സാങ്കല്പിക പുനരവതരണങ്ങൾ മാത്രം.

മൗലിക ചരിത്രരചനകൾ മാറ്റിനിർത്തി ഈ വ്യാഖ്യാനങ്ങൾ പഠിപ്പിക്കാൻ നിർദേശിച്ച് യുവജനങ്ങളെ ആശയക്കുഴപ്പത്തിന്റെ പുകപടലത്തിൽപെടുത്താനാണ് ബന്ധപ്പെട്ടവരുടെ കരുതിക്കൂട്ടിയുള്ള നീക്കം. തങ്ങളുടെ പാർശ്വവർത്തികളായ കുറെ അധ്യാപകരെ കുത്തിനിറച്ചുണ്ടാക്കുന്ന പഠനബോർഡുകളുടെ മറവിൽ വിദ്യാഭ്യാസവിദഗ്ധർ തയ്യാറാക്കിയ പാഠ്യപദ്ധതിയെന്നു പറഞ്ഞു പൊതുജനങ്ങളുടെ കണ്ണിൽ പൊടിയിടാൻ മാർക്സിസ്റ്റുകാർക്കു വൈദഗ്ധ്യമേറും.

കണ്ണൂരിലേതു പരീക്ഷണഘട്ടം മാത്രമാണ്. അതിന്റെ പേരിൽ കുറെ വിവാദങ്ങളും ആരോപണങ്ങളും ഉണ്ടാകും. ഉടൻ തന്നെ അതു പരിഹരിക്കാൻ മറ്റൊരു വിദഗ്ധസമിതിയെ നിയമിക്കും. അവർ ഏഴാം ക്ലാസ്സിലെ 'മതമില്ലാത്ത ജീവൻ' മാറ്റാൻ നിർദേശിച്ചതുപോലെ ചില ജീവനില്ലാത്ത ശുപാർശകൾ സർക്കാരിനു നല്കും. എല്ലാം അംഗീകരിച്ചതായി ഗവൺമെണ്ടിന്റെ പ്രഖ്യാപനവുമുണ്ടാകും. അതു കഴിഞ്ഞാലോ, പഴയതൊക്കെ അതുപോലെ തുടരും. കാര്യങ്ങൾ കൃത്യമായി പരിശോധിക്കാനും അന്വേഷിച്ചറിയാനും മിനക്കെടാതെ 'നിഷ്പക്ഷമതികൾ' എല്ലാം പരിഹരിച്ചല്ലൊ എന്ന് ആശ്വാസവീർപ്പിട്ടു നടക്കുകയും ചെയ്യും.

ആ ഘട്ടം കൂടി കഴിഞ്ഞാൽ പിന്നെ എളുപ്പമായി. കണ്ണൂരിലെ മാതൃക വൻവിജയമായിരുന്നു എന്നു സർക്കാർ വക പ്രഖ്യാപനമുണ്ടാകും. മറ്റു സർവകലാശാലകളിലേക്കും ചുവപ്പു പാഠ്യപദ്ധതി വ്യാപിപ്പിക്കുന്നതിനുള്ള തീരുമാനവും പുറത്തുവരും. ലോകം കീഴ്മേൽ മറിഞ്ഞാലും തങ്ങൾക്കെന്ത്, ശമ്പളം മുടങ്ങാതിരുന്നാൽ മാത്രം മതി എന്നു ചിന്തിക്കുന്ന ബുദ്ധിജീവി അധ്യാപകസംഘം തങ്ങളുടെ വൈതാളികവൃത്തി പൂർവാധികം ആവേശത്തോടെ തുടരുകയും ചെയ്യും.

ലോകം അറിവിന്റെയും വികസനത്തിന്റെയും മേഖലകളിൽ ഗോളാന്തര കുതിപ്പിലാണ്. അതൊന്നും കാണാൻ കണ്ണും കേൾക്കാൻ ചെവിയും ഇല്ലാത്ത ചില വിദ്യാഭ്യാസധുരന്ധരന്മാർ മാർക്സിയൻ കട്ടിക്കണ്ണട വച്ച് ഇന്നും കമ്യൂണിസ്റ്റു മാനിഫെസ്റ്റോയുടെ വരികൾക്കിടയിലെ വാലൻപാറ്റകളെ തിരഞ്ഞുകൊണ്ടിരിക്കുകയാണ്. മനസ്സും തലയകവും വല്ലാതെ നരച്ചുപോയ അത്തരക്കാർ കേരളത്തിന്റെ വൈജ്ഞാനികമേഖലയെ പശ്ചിമബംഗാളിനപ്പുറം കടന്നുപോകാൻ അനുവദിക്കില്ലെന്ന ദുർവാശിയിലാണ്.

ഈ ദുർവാശി നടപ്പാക്കലാണ് ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ ഹിഡൻ അജണ്ട. അക്കാദമിക് സ്വയംഭരണത്തിന്റെ പിൻബലത്തിൽ വിജ്ഞാനത്തിന്റെ ആകാശങ്ങൾ കീഴടക്കാൻ അനുവദിക്കപ്പെടേണ്ട കലാശാലകളെയും കലാലയങ്ങളെയും തങ്ങളുടെ ചുവപ്പുചരടിൽ കെട്ടിയൊതുക്കാനാണു കൗൺസിലിന്റെ പുറപ്പാട്. ഒരിക്കൽ ഭരണം കിട്ടിയെന്നു കരുതി എന്തു തോന്ന്യാസവുമാകാമെന്നു കരുതുന്നവരോട് ഒന്നേ പറയാനുള്ളു, അഞ്ചുവർഷംകൊണ്ടു കേരളത്തിന്റെ വിദ്യാഭ്യാസ മുന്നേറ്റത്തിന് എന്നേക്കുമായി തടയിടാം എന്നു കിനാവു കാണേണ്ട.

## പ്രതികരണം

# വൈദ്യുതി ബോർഡിന്റെ പകൽകൊള്ള

**തെ**രഞ്ഞെടുപ്പു വരെ മോഹിനീ വേഷം കെട്ടിയ ഇടതുസർക്കാർ സമ്മതിദായകരുടെ വിരലുകളിലെ മഷി ഉണങ്ങുന്നതിന് മുൻപുതന്നെ ആ വേഷം വലിച്ചെറിഞ്ഞ് യഥാർത്ഥരൂപം പ്രകടിപ്പിക്കാൻ തുടങ്ങിയിരിക്കുന്നു.

പവർകട്ട് പിൻവലിച്ചും, കൂടിയ വൈദ്യുതി നിരക്കിലെ സർചാർജ് പിൻവലിച്ചുമാണ് തെരഞ്ഞെടുപ്പിനെ ഇടതുസർക്കാർ നേരിട്ടതെങ്കിൽ ഇപ്പോൾ അത് പുന: സ്ഥാപിക്കാനുള്ള ഗൂഢാലോചനയിലാണ് സർക്കാരും, ബോർഡും.

അതിന്റെ ആദ്യപടിയാണ് സർചാർജ് വീണ്ടും കൊണ്ടുവരാനുള്ള തീരുമാനം. വൈദ്യുതിയുടെ വിലവർധനവ് മൂലം യൂണിറ്റിന് 25 പൈസ മാത്രം ലഭിക്കാൻ ഇടയുള്ളപ്പോൾ ആ സ്ഥാനത്ത് സർചാർജ് പുന:സ്ഥാപനത്തിലൂടെ 50 പൈസ പിഴിഞ്ഞെടുക്കാൻ കഴിയുമെന്നാണ് ബോർഡിന്റെ കണക്കുകൂട്ടൽ. കെടുകാര്യസ്ഥതയും ധൂർത്തും മൂലം വൈദ്യുതി ബോർഡ് വരുത്തിവച്ച ഭീമമായ നഷ്ടം 335.30 കോടി രൂപ നികത്തുന്നതിനും, ബോർഡിനെ ലാഭത്തിലാക്കുന്നതിനുമാണത്രെ സർക്കാർ വീണ്ടും ഉപഭോക്താക്കളെ പിഴിയാൻ കോപ്പുകൂട്ടുന്നത്. അധിക നിക്ഷേപ സംഖ്യ (എസിഡി) മീറ്റർ വാടക, അഡീഷണൽ ബില്ല് എന്നിവയ്ക്കു പുറമേയാണ് സെറ്റ് ബാക്ക് ബില്ലെന്ന പേരിൽ ആയിരക്കണക്കിന് രൂപ അടയ്ക്കണമെന്നുള്ള അറിയിപ്പ് ഉപഭോക്താക്കൾക്ക് ലഭിച്ചിരിക്കുന്നത്.

മുൻകാലങ്ങളിൽ കേടായ മീറ്ററുകൾ മാറ്റിസ്ഥാപിക്കേണ്ടിവന്ന ഉപഭോക്താക്കളെ ലക്ഷ്യമിട്ടാണ് ഈ അധികപിരിവ്! ഇപ്പോഴത്തെ വൈദ്യുതി ഉപയോഗവും മുൻകാലങ്ങളിലെ ഉപയോഗവും താരതമ്യപ്പെടുത്തി അധികം വരുന്ന യൂണിറ്റുകൾക്ക് ഇപ്പോഴത്തെ നിരക്കിൽ പണമടയ്ക്കാനാണ് ബോർഡ് ആവശ്യപ്പെട്ടിട്ടുള്ളത്. കേടായ മീറ്ററിനു പകരം പുതിയ മീറ്റർ സ്ഥാപിച്ചതിനുശേഷം എടുത്ത റീഡിംഗും, പഴയ റീഡിംഗും തമ്മിലുള്ള വ്യത്യാസം കണക്കിലെടുത്താണ് സെറ്റ് ബാക്ക് ബില്ലുകൾ തയ്യാറാക്കിയിരിക്കുന്നത്. ഇത്തരത്തിൽ അഞ്ചും ആറും വർഷം മുമ്പ് മീറ്റർ മാറ്റിവച്ച ഉപഭോക്താക്കൾക്കുപോലും വളരെ വലിയ തുക അടയ്ക്കാൻ ബില്ല് നല്കിയിരിക്കുകയാണ്.

മീറ്റർ കേടാകുന്നത് ഉപഭോക്താവിന്റെ കുറ്റം കൊണ്ടല്ല. കേടാവുന്ന മീറ്ററുകൾ യഥാസ്ഥാനത്ത് മാറ്റി സ്ഥാപിക്കേണ്ടത് ബോർഡിന്റെ ചുമതലയാണ്. എന്നാൽ ഒരു കാലത്തും, അപേക്ഷ നല്കിയാൽ പോലും ഈ ചുമതല ബോർഡ് യഥാസമയം നിർവഹിക്കില്ല. ബോർഡിനു വരുന്ന വീഴ്ചകൾ ഉപഭോക്താക്കളുടെ തലയിൽ കെട്ടിവയ്ക്കാനാണ് ബോർഡിന്റെ ശ്രമം. കേരളത്തിലെ വൈദ്യുതി ഉപഭോക്താക്കളിൽ നിന്ന് വൈദ്യുതി ബോർഡ് ദ്വൈമാസ ബില്ലിൽ 20 രൂപ വീതം മീറ്റർ ചാർജ് ഈടാക്കിക്കൊണ്ടിരിക്കുകയുമാണ്.

ഓരോ ഉപഭോക്താവിനും മീറ്റർ ചാർജ് അടപ്പിച്ചതിനു ശേഷമാണ് കണക്ഷൻ നല്കുന്നത്. അപ്രകാരം മീറ്റർ ചാർജ് ഈടാക്കിയതിനുശേഷം ഇപ്പോൾ ബില്ലിനോടുകൂടി രണ്ടു മാസം കൂടുമ്പോൾ 20 രൂപ വീതം ഓരോ ഗുണഭോക്താവിൽ നിന്നും വീണ്ടും മീറ്റർ ചാർജ് ഈടാക്കികൊണ്ടിരിക്കുകയാണ്. ഒരു വർഷം ഒരു ഗുണഭോക്താവ് 120 രൂപ ഈ ഇനത്തിൽ അടയ്ക്കുന്നുണ്ട്. ലക്ഷക്കണക്കിന് വരുന്ന വൈദ്യുതി ഉപഭോക്താക്കളിൽനിന്ന് കഴിഞ്ഞ അഞ്ചുവർഷമായി കോടികളാണ് ഇത്തരത്തിൽ ബോർഡ് പിരിച്ചുകൊണ്ടിരിക്കുന്നത്. എന്നിട്ടാണ് മീറ്ററിന്റെ പേരിലുള്ള ഈ പകൽക്കൊള്ള നടത്തുന്നത്.

ആറുവർഷവും, അഞ്ചുവർഷവും മുൻപുള്ള ഒരു ഉപഭോക്താവിന്റെ വൈദ്യുതി ഉപയോഗമല്ല ഇപ്പോൾ അയാൾക്കുള്ളത്. ഇപ്പോഴത്തെ റീഡിംഗ് അടിസ്ഥാനമാക്കി പഴയ പിഴ ഈടാക്കുന്നത് കടുത്ത അനീതിയും ക്രൂരതയുമാണ്.

വൻകിട വ്യവസായ സ്ഥാപനങ്ങളിൽ നിന്ന് പിരിഞ്ഞു കിട്ടാനുള്ള കോടിക്കണക്കിന് രൂപയുടെ കുടിശ്ശികകൾ കർശനമായി പിരിച്ചെടുക്കുക, വൈദ്യുതിയുടെ വിതരണ-പ്രസരണനഷ്ടം കുറയ്ക്കാൻ കഴിയുന്ന വിധം വിതരണ ശൃംഖലയെ കൂടുതൽ കാര്യക്ഷമമാക്കുക, വൈദ്യുതി മോഷണം ഫലപ്രദമായി തടയുക എന്നീ സത്വര നടപടികളാണ് വൈദ്യുതി ബോർഡിന്റെ പ്രതിസന്ധിക്ക് ശാശ്വതപരിഹാരം കാണുവാൻ സംസ്ഥാന സർക്കാർ കൈക്കൊള്ളേണ്ടത്.

ആ വഴിക്ക് ചിന്തിക്കാതെ, വിലക്കയറ്റം കൊണ്ട് വീർപ്പുമുട്ടുന്ന സാമാന്യജനത്തെ കൂടുതൽ ദുരിതത്തിലാക്കുക എന്ന കുടില നീക്കത്തിലാണ് ഇടതുസർക്കാരും വൈദ്യുതി ബോർഡും. ഈ പകൽ കൊള്ളക്കെതിരെ ജനം ഒറ്റക്കെട്ടായി ശബ്ദമുയർത്തേണ്ടതുണ്ട്.


**ജോജി തൈക്കൂടൻ**
പ്രസിഡണ്ട്
മഹാത്മാ സാംസ്കാരിക വേദി
ഇരിങ്ങാലക്കുട




ചുവരെഴുത്തുകൾ

ശ്വേതകേതു

# തേഞ്ഞിപ്പാലം വിദ്വൽസദസിലെ വിശേഷങ്ങൾ

ബൗദ്ധികവിമോചനത്തിന്റെ ദൈവപ്പുരകളാവേണ്ട കലാശാലകളിൽ നിന്നും അറിവോതുന്ന വിദ്യാ വിചക്ഷണന്മാർ അകാരണമായി കൂട്ടപലായനം നടത്തേണ്ടി വരുമ്പോൾ, എഴുത്താണി ദൂരെയെറിഞ്ഞു ചമ്മട്ടിയേന്തേണ്ടി വരുന്നു വാഗ്ദേവതയ്ക്ക്.

ക്രൂരമായ അടിച്ചമർത്തലിന്റെ അടിമപ്പണം വാങ്ങാൻ നമ്മുടെ ജനാധിപത്യ വ്യവസ്ഥിതി ആർക്കും വിലയോലക്കരണം നടത്തിയിട്ടില്ലെന്നിരിക്കെ, കോഴിക്കോട് സർവകലാശാലാ സിൻഡിക്കേറ്റ് ഇല്ലാത്ത അധികാരത്തിന്റെ അവകാശപത്രിക പുറപ്പെടുവിച്ചിരിക്കുകയാണ്.

ഒരു കോളജ് അധ്യാപകനാവാനുള്ള കുറഞ്ഞ യോഗ്യത മുഷ്ടി ചുരുട്ടി ചെങ്കൊടിയേന്തിയ തഴമ്പാണെന്ന് വാദിക്കുന്നവർക്ക് ബിരുദവും ബിരുദാനന്തര ബിരുദവും എന്തെന്നറിയില്ല. പിന്നെയല്ലേ എംഫിലും പി എച്ച്ഡിയും തിസീസും ഡി ലിറ്റും! അല്ലെങ്കിൽ വിദ്യാഭ്യാസസ്ഥാപനങ്ങളെ പണ്ടികശാലയാക്കാനായി പാർട്ടിച്ചിട്ടും കഴുത്തിൽ തൂക്കിയിറങ്ങുന്ന തണ്ടുതപ്പികളുണ്ടോ ഡിഗ്രി സർട്ടിഫിക്കറ്റിന്റെ മഹത്വമറിയുന്നു?

"സെനറ്റാണ് സർവകലാശാലയുടെ പരമാധികാര സമിതിയെങ്കിലും, പ്രത്യക്ഷത്തിൽ സെനറ്റംഗങ്ങൾക്ക് അഞ്ചാറുതവണ ശബ്ദഘോഷം നടത്താനുള്ള അവകാശം മാത്രമാണുള്ളത്. യൂണിവേഴ്സിറ്റിയിലെ ഉന്നത ഉദ്യോഗസ്ഥന്മാർ എന്നും സെനറ്റിനുള്ളിൽ തെരുവിൽ കെട്ടിയ ചെണ്ടകളാണ്. ഉദ്യോഗസ്ഥന്മാർ തന്നെയാണ് ജനാധിപത്യവത്ക്കരണത്തിന്റെ കാലഘട്ടത്തിലും സർവകലാശാലയുടെ തീരുമാനങ്ങളിൽ ആധിപത്യം പുലർത്തുന്നത്. സർവകലാശാലാ ഉദ്യോഗസ്ഥന്മാരിൽ അല്പം നടുക്കമുണ്ടാക്കുന്നത് തിരുത്തൽശക്തികളായ വിദ്യാർത്ഥി പ്രതിനിധികൾ തന്നെയാണ്. ഉള്ളുകളികൾ അറിഞ്ഞുവരുമ്പോഴേക്കും അവരുടെ സെനറ്റ് അംഗത്വം നഷ്ടപ്പെടുന്നു. വായ് മൂടിക്കെട്ടി സെനറ്റിലെ പിൻസീറ്റിൽ ഒതുങ്ങിക്കഴിയുന്ന വലിയ പ്രൊഫസർമാരുണ്ട്. കാണികളെപ്പോലെ സെനറ്റിൽ കഴിഞ്ഞു കൂടുന്നവർ"- കാൽ നൂറ്റാണ്ടു മുമ്പ് ചെറിയാൻ ഫിലിപ്പ് എഴുതിയ 'വിദ്യാഭ്യാസ വിപ്ലവം' എന്ന ചെറുഗ്രന്ഥത്തിലേതാണിത്.

തമസകറ്റി ജ്യോതിർനാളമാകേണ്ട ഉത്കൃഷ്ട സ്ഥാപനങ്ങൾ അധഃപതിക്കുന്നത് ദുർനടത്തവും സ്വഭാവദൂഷ്യവുമുള്ള ചില്ലറക്കാരായ ചിലരുടെ വർധിച്ച അഴിമതിയും ആശ്രിതവാത്സല്യവും അതിരുകടക്കുന്നതിനാലാണ്. അധികാര രാഷ്ട്രീയത്തിന്റെ കിടക്കവിരിപ്പുകളിൽ വിശ്രമിച്ച് അല്പസ്വല്പം ലാഭമുണ്ടാക്കിത്തരുന്ന നല്ല സമറിയക്കാരെ ആർക്കാണ് കൈയൊഴിയാനാവുക?

കോഴിക്കോട് സർവകലാശാലയിൽ 2003-06 വർഷങ്ങളിൽ നിയമിച്ച 41 അധ്യാപകരിൽ 32 പേരെ അയോഗ്യരാക്കണമെന്നാണ് സിൻഡിക്കേറ്റ് തീരുമാനം. എന്താണ് ഇവരുടെ മേൽ ചുമത്തിയിരിക്കുന്ന കുറ്റമെന്നല്ലെ. സർവകലാശാലയുടെ പരിധിയും കടന്നുള്ള വിദ്യാഭ്യാസയോഗ്യത, പഠിച്ച വിഷയത്തിൽ റാങ്ക് നേടി വിദേശ യൂണിവേഴ്സിറ്റികളിൽ ജോലിയെടുത്തിരുന്ന മുൻപരിചയം, പ്രായപരിധി ലംഘനം.




നിയമനം കഴിഞ്ഞ് വർഷങ്ങൾ കഴിഞ്ഞപ്പോഴുണ്ടായ വെളിപാടിന് ആരാണ് ഉത്തരവാദി? ചാൻസലറും, വൈസ് ചാൻസലറും അറിഞ്ഞുള്ള നിയമനം റദ്ദ് ചെയ്യാൻ ഇപ്പോഴത്തെ സിൻഡിക്കേറ്റിന് അവകാശമില്ലെന്ന സർവകലാശാലാ നിയമം തലയ്ക്കുമീതെ തൂങ്ങുമ്പോഴാണ് ഇത്തരത്തിലൊരു തലതിരിഞ്ഞ തീരുമാനം.

മാർക്സിസ്റ്റ് ഭൂരിപക്ഷ സിൻഡിക്കേറ്റിന്റെ ഈ വിധത്തിലുള്ള അടവു രാഷ്ട്രീയക്കളി ആദ്യത്തേതല്ലെന്നാണ് കാലിക്കറ്റ് സർവകലാശാലാ മുൻ വൈസ് ചാൻസലർ കൂടിയായ ഡോ. ടി.കെ.രവീന്ദ്രൻ വെളിപ്പെടുത്തുന്നത്. സ്ത്രീപീഡനമടക്കം എല്ലാറ്റിലൂടെയും ചില അധികാര മേലാളന്മാർ സർവകലാശാലയെ അധഃപതനത്തിന്റെ ചെളിക്കുണ്ടിലാഴ്ത്തിക്കളഞ്ഞുവെന്നാണ് അദ്ദേഹത്തിന്റെ പക്ഷം.

ജന്തുശാസ്ത്ര വിഭാഗത്തിലെ അധ്യാപകനായ ഡോ.സി.ഡി.സെബാസ്റ്റ്യനോടു കാണിക്കുന്ന പക ഏതൊരു മനുഷ്യസ്നേഹിയുടെയും ഉള്ളു നീറ്റാൻ പോരുന്നതാണ്. സർവകലാശാല രജിസ്ട്രാർ പരപ്പനങ്ങാടി ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റു കോടതിയിൽ ഇദ്ദേഹത്തിനെതിരെ കേസ് ഫയൽ ചെയ്തു. പോലീസ് കസ്റ്റഡിയിലാക്കി ജോലി കളയിക്കാനുള്ള തന്ത്രത്തിനു മുന്നിൽ നീതിദേവത കണ്ണുതുറന്നത് ഡോ. സെബാസ്റ്റ്യനു രക്ഷയായി. വ്യാജ സർട്ടിഫിക്കറ്റ് ഹാജരാക്കിയതിന്റെ പേരിലാണെങ്കിൽ അതു തെളിയിക്കാൻ എത്രയെത്ര ഉപാധികൾ?

കോഴിക്കോട് സർവകലാശാലയിൽ 2003-06 വർഷങ്ങളിൽ നിയമിച്ച 41 അധ്യാപകരിൽ 32 പേരെ അയോഗ്യരാക്കണമെന്നാണ് സിൻഡിക്കേറ്റ് തീരുമാനം. എന്താണ് ഇവരുടെ മേൽ ചുമത്തിയിരിക്കുന്ന കുറ്റമെന്നല്ലെ. സർവകലാശാലയുടെ പരിധിയും കടന്നുള്ള വിദ്യാഭ്യാസയോഗ്യത, പഠിച്ച വിഷയത്തിൽ റാങ്ക് നേടി വിദേശ യൂണിവേഴ്സിറ്റികളിൽ ജോലിയെടുത്തിരുന്ന മുൻപരിചയം, പ്രായപരിധി ലംഘനം. നിയമനം കഴിഞ്ഞ് വർഷങ്ങൾ കഴിഞ്ഞപ്പോഴുണ്ടായ വെളിപാടിന് ആരാണ് ഉത്തരവാദി? ചാൻസലറും, വൈസ് ചാൻസലറും അറിഞ്ഞുള്ള നിയമനം റദ്ദ് ചെയ്യാൻ ഇപ്പോഴത്തെ സിൻഡിക്കേറ്റിന് അവകാശമില്ലെന്ന സർവകലാശാലാ നിയമം തലയ്ക്കുമീതെ തൂങ്ങുമ്പോഴാണ് ഇത്തരത്തിലൊരു തലതിരിഞ്ഞ തീരുമാനം. മാർക്സിസ്റ്റ് ഭൂരിപക്ഷ സിൻഡിക്കേറ്റിന്റെ ഈ വിധത്തിലുള്ള അടവു രാഷ്ട്രീയക്കളി ആദ്യത്തേതല്ലെന്നാണ് കാലിക്കറ്റ് സർവകലാശാലാ മുൻ വൈസ് ചാൻസലർ കൂടിയായ ഡോ. ടി.കെ.രവീന്ദ്രൻ വെളിപ്പെടുത്തുന്നത്. സ്ത്രീപീഡനമടക്കം എല്ലാറ്റിലൂടെയും ചില അധികാര മേലാളന്മാർ സർവകലാശാലയെ അധഃപതനത്തിന്റെ ചെളിക്കുണ്ടിലാഴ്ത്തിക്കളഞ്ഞുവെന്നാണ് അദ്ദേഹത്തിന്റെ പക്ഷം.

തേഞ്ഞിപ്പാലത്തെ മഹാവിദ്വാന്മാർക്കുമുന്നിൽ കുമ്പിടുന്ന യൂണിവേഴ്സിറ്റി മൂന്നു വർഷമായിട്ട് ഡോ. സെബാസ്റ്റ്യന് ശമ്പളവും നല്കുന്നില്ല. ഒരു ഇടതുപക്ഷക്കാരന് ജോലി നിഷേധിച്ചാൽ തൊഴിലുടമയ്ക്കു മുന്നിൽ ആഭാസകരമായ എല്ലാ സമരമുറയുമെടുക്കുന്ന തൊഴിലാളി സംഘടനകളൊന്നും ഇവിടേയ്ക്ക് എത്തിനോക്കാതെ കണ്ണടച്ചു കളഞ്ഞു. ഒരു അധ്യാപകന്റെ നിസ്സഹായത മഹാദുഃഖമായി, വേദങ്ങളുടെയും സഹാനുഭൂതിയുടെയും സാന്ദ്രമൗനമായപ്പോൾ സഹജീവിയായ മറ്റൊരു അധ്യാപകന്റെ മനസ്സു വേദനിച്ചു. ആർദ്രമായ വികാരത്തിന്റെ കണ്ണീർക്കണം മുക്തകമെന്നോണം അർപ്പിക്കുകയായിരുന്നു ഡോ. അർസു. ഉത്തർപ്രദേശ് സർക്കാർ നല്കിയ സൗഹാർദസമ്മാൻ ഒരു ലക്ഷം രൂപ അരങ്ങിൽ വെച്ചു തന്നെ ഡോ. സെബാസ്റ്റ്യന് സമർപ്പിക്കുകയായിരുന്നു.

*"ഒരു മൊഴിയിലും വാക്കായ് വിളങ്ങാതെ*
*ഗഹനമായ് മറകൊണ്ടൊരു നോവുകൾ*
*ചിറകുതേടി വന്നെത്തുന്നുവെന്നൊരു*
*മധുരചിന്ത സുഖം തരും"*

എന്ന റഫീക്ക് അഹമ്മദിന്റെ കവിത ഡോ. അർസുവിന്റെ കാരുണ്യത്തിനു പകരംവയ്ക്കാം.

വൈകാരികവും വൈജ്ഞാനികവുമായ ഉണർവും, കർമപഥത്തിലെ സംശുദ്ധിയും സമ്പന്നമായ സഹജീവി സ്നേഹവും അധ്യാപകവൃത്തിയുടെ കരുതൽ ധനമെന്നിരിക്കെ, ഉന്മിഷത്തായ ചുവടുവെയ്പിന്റെ അനിഷേധ്യത നഷ്ടമാക്കിയവരാണ് പ്രശ്നം വഷളാക്കിയത്. വരുംകാലങ്ങളിൽ വർഗവൈരികളായി നിന്നുകൊണ്ട് അധ്യാപകന്റെ അവകാശങ്ങളുടെ വായ്ത്തല മടക്കാൻ സെനറ്റിനു കഴിയുംവിധം രൂപപ്പെടുത്തുന്ന അന്തർനാടകമാണിപ്പോൾ അരങ്ങേറുന്നതും!

സിൻഡിക്കേറ്റു തീരുമാനം പുനഃപരിശോധിക്കാൻ ഉന്നതാധികാരിക്കു മാത്രമേ അവകാശമുള്ളൂ, മറ്റൊരു സിൻഡിക്കേറ്റിന് അധികാരമില്ല. എന്നിട്ടും സാമാന്യ മര്യാദയുടെ നൈതിക ചിന്തവെടിഞ്ഞ് അട്ടിമറിത്തൊഴിലാളികളുടെ നോക്കുകൂലി സിദ്ധാന്തം പ്രയോഗിക്കുകയാണ്. ഒരധ്യാപകന് സസ്പെൻഷൻ കാലത്ത് അലവൻസുപോലും നല്കാൻ സന്മനസുകാണിക്കാത്ത യൂണിവേഴ്സിറ്റി നടപടി മനുഷ്യാവകാശ ലംഘനമല്ലാതെ മറ്റെന്താണ്?

>> 9

തേഞ്ഞിപ്പാലത്തെ മഹാവിദ്വാന്മാർക്കുമുന്നിൽ കുമ്പിടുന്ന യൂണിവേഴ്സിറ്റി മൂന്നു വർഷമായിട്ട് ഡോ. സെബാസ്റ്റ്യന് ശമ്പളവും നല്കുന്നില്ല. ഒരു ഇടതുപക്ഷക്കാരന് ജോലി നിഷേധിച്ചാൽ തൊഴിലുടമയ്ക്കു മുന്നിൽ ആഭാസകരമായ എല്ലാ സമരമുറയുമെടുക്കുന്ന തൊഴിലാളി സംഘടനകളൊന്നും ഇവിടേയ്ക്ക് എത്തിനോക്കാതെ കണ്ണടച്ചു കളഞ്ഞു.

CYAN MAGENTA YELLOW BLACK



>> 1

# ലോകത്തിനു മുഴുവൻ ഭീഷണി ഉയർത്തുന്ന തീവ്രവാദം

ലോകത്തിലെ ഏറ്റവും ശക്തമായ രാഷ്ട്രം നേരിട്ട ഈ ദുരന്തം ഭീകരതയ്ക്കെതിരെയുള്ള യുദ്ധപ്രഖ്യാപനത്തിലേക്ക് അമേരിക്കയെ നയിച്ചു. തുടർന്നുണ്ടായ അഫ്ഗാൻ ആക്രമണം, ബിൻ ലാദന് അഭയം നല്കിയ താലിബാൻ ഗവവൺമെണ്ടിന്റെ പതനത്തിന് ഇടയാക്കി. അധികാരഭ്രഷ്ടമായെങ്കിലും വീണ്ടുമൊരു തിരിച്ചു വരവിനുകളമൊരുക്കാൻ സ്വന്തം നാട്ടിൽ ഗറില്ലാ സമരമുറ പരീക്ഷിക്കുകയാണു താലിബാൻ ഇപ്പോൾ.

തീവ്രവാദികളുടെ ആക്രമണത്തിലെ ഏറ്റവും ശക്തമായ ആയുധമാണ് ചാവേറുകൾ അഥവാ ആത്മഹത്യാ സ്ക്വാഡ്. സ്വന്തം ശരീരത്തിൽ നിക്ഷേപിച്ച സ്ഫോടകവസ്തുക്കളുമായെത്തി സ്വയം ചിന്നിച്ചിതറുകയും അനേകം നിരപരാധികളെ കാലപുരിക്കയയ്ക്കുകയും ചെയ്യുന്ന ഇവർ പലപ്പോഴും എല്ലാവിധ മുൻകരുതലുകളും തകർക്കാൻ കഴിയുന്നവരാണ്. ഇത്തരത്തിലൊരു ചാവേറാണല്ലൊ 1991ൽ രാജീവ് ഗാന്ധിയുടെ ജീവൻ അപഹരിച്ചതും.

വിമാനങ്ങൾ ഉപയോഗിച്ചുള്ള ചാവേർ ആക്രമണം വേൾഡ് ട്രേഡ് സെന്റർ സംഭവത്തിലാണ് ഏറ്റവും ഭീകരമായ അരങ്ങേറ്റം കുറിച്ചത്. 19 ചാവേറുകൾ ചേർന്നു തട്ടിയെടുത്ത നാലുയാത്രാവിമാനങ്ങളാണ് ഈ സംഭവത്തിൽ ഉപയോഗിക്കപ്പെട്ടത്. രണ്ട് വിമാനങ്ങൾ ട്രേഡ് സെന്ററിനു നേരെ പാഞ്ഞപ്പോൾ മൂന്നാമത്തേത് അമേരിക്കൻ സൈനികാസ്ഥാനമായ പെന്റഗണിലേക്കാണു കുതിച്ചത്.

■ ■ ■ ■

**ഇസ്രായേൽ രൂപം കൊണ്ടതിനുശേഷം മധ്യപൂർവ ദേശം ആസ്ഥാനമാക്കിയാണ് ഒട്ടേറെ തീവ്രവാദപ്രസ്ഥാന ങ്ങൾ രൂപമെടുത്തത് എന്നതും പ്രത്യേകം ശ്രദ്ധിക്കേണ്ടി യിരിക്കുന്നു. അൽഖ്വയ്ദയ്ക്കു പുറമെ എക്സ് ബാത്തി സ്റ്റുകൾ, താലിബാൻ, ഹിസ്ബുള്ള, ഹമാസ്, ഈജി പ്ഷ്യൻ മുസ്ലീം ബ്രദർഹുഡ്, പിഎൽഒ, അൽഫത്താ തുടങ്ങിയവയെല്ലാം ഇക്കൂട്ടത്തിൽപ്പെടുന്നു. രാഷ്ട്രീയ ത്തോടൊപ്പം മതപരമായ പ്രശ്നങ്ങളും ഇവയുടെ രൂപീ കരണത്തെയും പ്രവർത്തനങ്ങളെയും സ്വാധീനിച്ചിട്ടുണ്ട്.**

■ ■ ■ ■

വൈറ്റ് ഹൗസ് ലക്ഷ്യംവച്ചതെന്നു കരുതപ്പെടുന്ന നാലാമത്തെ വിമാനം യാത്രക്കാരും ഭീകരരും തമ്മിലുള്ള ഏറ്റുമുട്ടലിനിടയിൽ തകർന്നു വീണു.

ഒരു കാലത്ത് ജനാധിപത്യമൂല്യങ്ങൾ തെല്ലും മാനിക്കാത്ത കമ്യൂണിസ്റ്റു സ്വേച്ഛാധിപത്യത്തിനെതിരെ ശക്തമായ നിലപാടുകൾ സ്വീകരിച്ച അമേരിക്കയ്ക്ക് ഇന്ന് ഏറ്റവുമധികം തലവേദനയുണ്ടാക്കുന്നത് ഇസ്ലാമിക തീവ്രവാദമാണ് . അമേരിക്കയെ തകർക്കുക എന്ന ലക്ഷ്യംവച്ചു പ്രവർത്തിക്കുന്ന നിരവധി ഇസ്ലാമിക ഭീകരപ്രസ്ഥാനങ്ങൾ ഇന്നുണ്ട്. ഈ സംയുക്ത പ്രസ്ഥാനത്തെ ഇസ്ലാം ഫാസിസം എന്നു വിളിക്കുന്നു. ഇതിൽ ഏറ്റവും പ്രമുഖമാണു ഒസാമ ബിൻ ലാദൻ നേതൃത്വം നല്കുന്ന അൽഖ്വയ്ദ. ഇസ്ലാം ഫാസിസം അമേരിക്കയ്ക്കെതിരെ പ്രഖ്യാപിച്ചിരിക്കുന്നത് വിശുദ്ധയുദ്ധം ആണത്രെ!

ഇസ്ലാം രാഷ്ട്രങ്ങളുടെ അമേരിക്കാവിരോധത്തിനു പ്രധാനമായും രണ്ടു കാരണങ്ങളാണുള്ളത്. ഒന്ന്, രണ്ടാം ലോകമഹായുദ്ധാനന്തരം ലോകമെമ്പാടുമുള്ള യഹൂദർക്കുവേണ്ടി പാലസ്തീനാ വിഭജിച്ച് ഇസ്രയേലിനു രൂപംകൊടുത്ത ഐക്യരാഷ്ട്രസഭാ തീരുമാനത്തിനു പിന്നിലെ പ്രധാന ശക്തിയായിരുന്നത് അമേരിക്കയാണ്. രണ്ട്, ഇസ്ലാമിക രാജ്യങ്ങളിലെ പുരോഗമന വിഭാഗങ്ങൾക്ക് അമേരിക്ക പിന്തുണ നല്കിയത് യാഥാസ്ഥിതിക ഇസ്ലാമിക വിഭാഗങ്ങളിൽ അനിഷ്ടം ഉണ്ടാക്കി. ഇറാനിലെ ഷായ്ക്കും ഇറാഖിലെ സദാം ഹുസൈനും പാകിസ്ഥാനിലെ ഭരണകൂടങ്ങൾക്കും നല്കിയ പിന്തുണയാണ് ഇത്തരത്തിൽ മുസ്ലീം വിരോധം വളർത്തിയത്.

ഈ രാജ്യങ്ങളിലെല്ലാം അമേരിക്കയ്ക്കു പിന്നീടു കനത്ത തിരിച്ചടികളുണ്ടായി എന്നതും ശ്രദ്ധേയമാണ്. അക്കൂട്ടത്തിൽ ഏറ്റവും ദയനീയം ഇറാനിലുണ്ടായ അമേരിക്കൻ എംബസി പ്രശ്നമായിരുന്നു. ആയത്തൊള്ളാ ഖൊമേനിയയുടെ നേതൃത്വത്തിൽ 1979ൽ നടന്ന ഇസ്ലാമിക വിപ്ലവത്തിനു ശേഷമാണിതുണ്ടായത്. തലസ്ഥാനമായ ടെഹ്റാനിലെ അമേരിക്കൻ എംബസിയിൽ 66 അമേരിക്കക്കാരെ തടവിലാക്കി അവരുടെ ജീവൻ വച്ചുവിലപേശിയത് ഖൊമേനിയുടെ പിന്തുണയേടെ ഇസ്ലാം ത്രീവവാദികളായിരുന്നു.

1979 നവംബർ 4 മുതൽ 1981 ജനുവരി 20 വരെ ഒരു വർഷവും 78 ദിവസവും ഇതു നീണ്ടുനിന്നു. അമേരിക്കൻ പ്രസിഡണ്ടായിരുന്ന ജിമ്മി കാർട്ടറുടെ രാഷ്ട്രീയജീവിതത്തിന് അന്ത്യം കുറിച്ചതും ഈ സംഭവമാണ്.

ഇസ്രായേൽ രൂപം കൊണ്ടതിനുശേഷം മധ്യപൂർവദേശം ആസ്ഥാനമാക്കിയാണ് ഒട്ടേറെ തീവ്രവാദപ്രസ്ഥാനങ്ങൾ രൂപമെടുത്തത് എന്നതും പ്രത്യേകം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. അൽഖ്വയ്ദയ്ക്കു പുറമെ എക്സ് ബാത്തിസ്റ്റുകൾ, താലിബാൻ, ഹിസ്ബുള്ള, ഹമാസ്, ഈജിപ്ഷ്യൻ മുസ്ലീം ബ്രദർഹുഡ്, പിഎൽഒ, അൽഫത്താ തുടങ്ങിയവയെല്ലാം ഇക്കൂട്ടത്തിൽപ്പെടുന്നു. രാഷ്ട്രീയത്തോടൊപ്പം മതപരമായ പ്രശ്നങ്ങളും ഇവയുടെ രൂപീകരണത്തെയും പ്രവർത്തനങ്ങളെയും സ്വാധീനിച്ചിട്ടുണ്ട്.

പല തീവ്രവാദ പ്രസ്ഥാനങ്ങളും ഒരു നിശ്ചിതഘട്ടം കഴിയുമ്പോൾ അധികാരത്തിലെത്തുകയും ഏകാധിപത്യപരമോ ജനാധിപത്യസ്വാഭാവമുള്ളതോ ആയ ഭരണസംവിധാനങ്ങളുടെ ഭാഗമായി മാറുകയും ചെയ്യാറുണ്ട്. കാസ്ട്രോ സഹോദരന്മാരുടെ നേതൃത്വത്തിൽ, ചരിത്രത്തിൽ രക്തസാക്ഷി പരിവേഷം നേടിയ ചെഗുവേരയുടെ സഹായത്തോടെ ക്യൂബയിൽ നടന്ന ഗറില്ലാസമരം പില്ക്കാലത്ത് ഫിഡൽ കാസ്ട്രോയുടെ, ജനാധിപത്യത്തിന്റെ മുഖം മൂടിയണിഞ്ഞ ഏകാധിപത്യഭരണത്തിലാണ് കലാശിച്ചത്. 1959ൽ അധികാരം പിടിച്ചെടുത്ത കാസ്ട്രോ സ്വന്തം സഹോദരൻ വഴി ഇന്നും അതു നിലനിർത്തുന്നു. വിയറ്റ്നാമിലും കംബോഡിയായിലും ചില ലാറ്റിനമേരിക്കൻ രാജ്യങ്ങളിലും നടന്ന ഗറില്ലാസമരങ്ങൾ ഭീകരവാദത്തിന്റെ പുതിയ മുഖങ്ങളായിരുന്നു.




പാലസ്തീനിൽ യാസർ അറാഫത്തിന്റെ നേതൃത്വത്തിൽ രൂപംകൊണ്ട പാലസ്തീൻ ലിബറേഷൻഓർഗനേസഷൻ (പിഎൽഒ) പില്ക്കാലത്ത് ജനാധിപത്യ രീതിയിൽ അധികാരത്തിലെത്തി. പക്ഷേ, അതിനെതിരെ ഹമാസ് എന്ന തീവ്രവാദപ്രസ്ഥാനം ശക്തമായി രംഗത്തു വന്നതുകൊണ്ട് പാലസ്തീനു സമാധാനം പിന്നെയും ഒരു സ്വപ്നമായിത്തന്നെ അവശേഷിച്ചു. നേപ്പാളിൽ ദീർഘകാലം തീവ്രവാദപ്രസ്ഥാനമായി പ്രവർത്തിച്ച മാവോയിസ്റ്റുകളാണ് ഇന്ന് അധികാരത്തിലെത്തിയിരിക്കുന്നത്. അവിടെയും ഭാവി ആശങ്കാരഹിതമാണെന്നു പറയാനാവില്ല.

ഇന്ത്യയും ഇന്നു തീവ്രവാദപ്രസ്ഥാനങ്ങളുടെ നിരന്തര ആക്രമണഭീഷണിയിലാണ്. കാശ്മീരിൽ ആരംഭിച്ച തീവ്രവാദികളുടെ പ്രവർത്തനം പല സംഘടനകളായി പിരിഞ്ഞ് ഇന്ന് ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ ജനജീവിതത്തിന്റെ ശാന്തിയും സ്വാസ്ഥ്യവും കെടുത്തികളഞ്ഞുകൊണ്ടിരിക്കുന്നു. അതോടൊപ്പം ആസ്സാമിലെ ഉൾഫ പോലെയുള്ള ചില പ്രസ്ഥാനങ്ങൾ കാശ്മീരിലേതിൽ നിന്നു വ്യത്യസ്തമായ താത്പര്യങ്ങളോടെ രൂപമെടുത്തവയാണ്. ആസ്സാം ഗണപരിഷത്ത് പോലെയുള്ള പ്രസ്ഥാനങ്ങൾ പ്രാദേശിക താത്പര്യങ്ങളോടെ രൂപമെടുക്കുകയും തീവ്രവാദികളുടെ പ്രവർത്തനശൈലി സ്വീകരിക്കുകയും പിന്നീട് ജനാധിപത്യമാർഗത്തിലേക്കു പ്രവേശിക്കുകയും ചെയ്തവയാണ്.

തൊള്ളായിരത്തി എഴുപതുകളിൽ പശ്ചിമബംഗാൾ കേന്ദ്രമാക്കി രൂപംകൊള്ളുകയും ആന്ധ്രാപ്രദേശിലും കേരളത്തിലും ഒട്ടേറെ ഹിംസാത്മകപ്രവർത്തനങ്ങളിലൂടെ ജനജീവിതം സംഘർഷഭരിതമാക്കുകയും ചെയ്ത നക്സലൈറ്റു പ്രസ്ഥാനം ഇന്നു കെട്ടടങ്ങിയിരിക്കുന്നു. പക്ഷേ ആ സ്ഥാനത്ത് മാവോയിസ്റ്റുകൾ ശക്തിയാർജിക്കുകയും തീവ്രവാദത്തിന്റെ വഴികളിൽ തന്നെ സഞ്ചരിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നത് ആശങ്കാജനകമാണ്.

സമീപകാലത്ത് ബാംഗ്ലൂർ, ഹൈദരാബാദ്, ന്യൂഡൽഹി, ജയ്പൂർ, മുംബൈ തുടങ്ങിയ വൻ നഗരങ്ങളിൽ ഉണ്ടായ സ്ഫോടന പരമ്പരകൾ ഇന്ത്യൻ ജനാധിപത്യത്തിനു നേരെ ഉയരുന്ന ഭീഷണികളാണ്. ഒക്ടോബർ 30 വ്യാഴാഴ്ച ഗോഹട്ടിയിലുണ്ടായ സ്ഫോടനത്തിൽ 82 പേരാണു മരണമടഞ്ഞത്. അഞ്ഞൂറിലധികം പേർക്ക് പരിക്ക് പറ്റി. ഇന്ത്യയിലുണ്ടായ ഏറ്റവും വലിയ സ്ഫോടനം 1993ൽ മുംബൈയിലുണ്ടായതാണ്. 250 പേരാണ് മരിച്ചത്. പരിക്കേറ്റത് ആയിരത്തിലധികം പേർക്കും.

ഏറ്റവും അവസാനം, 2008 നവംബർ 27–30 തീയതികളിൽ മുംബൈയിലെ താജ് ഹോട്ടൽ, ഓബ്റോയി ഹോട്ടൽ, നരിമാൻ ഹൗസ് എന്നിവിടങ്ങളിലുണ്ടായ ഭീകരാക്രമണത്തിൽ പൊലിഞ്ഞതു വിദേശികളടക്കം 183 പേരുടെ ജീവനാണ്. ഇന്ത്യയുടെ എല്ലാ മുൻകരുതലുകളെയും തകർക്കാനുള്ള ആസൂത്രണ വൈദഗ്ധ്യം ചില ഭീകര സംഘടനകൾക്കുണ്ട് എന്നു വരുന്നത് നമ്മുടെ സുരക്ഷിതത്വത്തിനു ഭീഷണി തന്നെയാണ്.

ഓരോ സ്ഫോടനവും രാജ്യസുരക്ഷയെ സംബന്ധിച്ച ആശങ്ക ജനമനസ്സിലുയർത്തുന്നു. അതാണു ഭീകരരുടെ ഉദ്ദേശ്യവും. അരാജകത്വം വളർത്തി രാജ്യത്തിന്റെ ആഭ്യന്തരശക്തി ദുർബലമാക്കുക, അതുവഴി ഭരണാധികാരികളെപ്പറ്റി ജനങ്ങൾക്കിടയിൽ അവിശ്വാസം വളർത്തുക. ഈ പഴുതുപയോഗിച്ച് അധികാരം കൈയടക്കുക. ലോകത്തെമ്പാടും തീവ്രവാദികൾ സ്വീകരിക്കുന്നത് ഈയൊരു തന്ത്രം തന്നെയാണ്.

ബോംബു സ്ഫോടനങ്ങൾ, കൂട്ടക്കൊലകൾ, തടവിലാക്കൽ, തട്ടിക്കൊണ്ടുപോകൽ, വിഭവങ്ങളും മറ്റും തട്ടിയെടുക്കൽ തുടങ്ങിയവ നിരന്തരമാകുമ്പോൾ വല്ലാതെ ഭയന്നുപോകുന്ന സാധാരണ ജനങ്ങൾ തീവ്രവാദികൾക്ക് അനുകൂലമായി ചിന്തിക്കാൻ നിർബന്ധിതരാകും. അത് ജനക്കൂട്ടത്തിന്റെ മനഃശാസ്ത്രം എന്ന് ഉദാസീനമായി തള്ളിക്കളയാനാവില്ല. അത്തരമൊരവസ്ഥയിൽ അവർ എത്തിച്ചേരുകയാണ്, അല്ലെങ്കിൽ അവരെയെത്തിക്കുകയാണ്. നാസ്സിസവും സ്റ്റാലിനിസവും ഒരർത്ഥത്തിൽ ഈ വഴി തെരഞ്ഞെടുത്ത പഴയ തീവ്രവാദങ്ങളാണെന്നുതന്നെ പറയാവുന്നതല്ലേ?

തീവ്രവാദത്തിന്റെ അഥവാ ഭീകരപ്രസ്ഥാനങ്ങളുടെ അടിവേരുകൾ ചരിത്രത്തിന്റെ ആഴങ്ങളിൽ തന്നെയുണ്ട്. ബൈബിൾ പഴയനിയമത്തിലെ മക്കബായർ, ന്യായാധിപന്മാർ, രാജാക്കന്മാർ എന്നിവരിൽ ഇത്തരത്തിലുള്ള ഭീകരവാദികളുടെ സാന്നിധ്യമുണ്ട്. അതതു കാലത്തെ അധികാരികൾക്കെതിരെ ആയുധം കൈയിലെടുത്തവർ. സിറിയൻ രാജാവ് അന്തിയോക്കസ് നാലാമന്റെ ഇസ്രായേൽ അധിനിവേശത്തിനെതിരെ ഒളിപ്പോര് സംഘടിപ്പിച്ചവരാണ് മക്കബായർ. ഇതു ബിസി167ൽ ആരംഭിക്കുന്നു. ബിസി 63ൽ റോമിന്റെ അധിനിവേശത്തോടെ സമരത്തിനു പുതിയ മുഖം കൈവന്നു.

'കഠാരിക്കാർ' എന്നറിയപ്പെട്ടിരുന്ന സീലട്ടുകൾ യേശുവിന്റെ കാലത്തും സജീവമായിരുന്നു. അവരിലൊരാളായിരുന്നല്ലോ ബറാബാസ്. റോമൻ അധിനിവേശത്തിനെതിരെ പോരാടിയ സ്പാർട്ടക്കസും അനുയായികളും തീവ്രവാദത്തിന്റെ മറ്റൊരു മുഖമാണു ചരിത്രത്തിനു സമ്മാനിച്ചത്. പ്രാചീന മധ്യകാല തീവ്രവാദങ്ങളുടെ ആധുനിക രൂപഭേദങ്ങളാണ് ഇവിടെ ചർച്ചയ്ക്ക് വിധേയമാക്കിയ പ്രസ്ഥാനങ്ങളെല്ലാം. ◈

CYAN MAGENTA YELLOW BLACK

CYAN MAGENTA YELLOW BLACK



രാഷ്ട്രീയ കേരളം

സാബു ജോൺ

# ഇടതുക്യാമ്പിൽ പരാജയഭീതി പ്രകടം

**നാളുകളായി കേരളത്തിൽ ഭരണവിരുദ്ധ വികാരം അലയടിക്കുകയായിരുന്നു. ഭരണത്തിലിരുന്നു കൊണ്ടു ചെയ്യാൻ പാടില്ലാത്ത കാര്യങ്ങൾ ചെയ്തും, ചെയ്യേണ്ട കാര്യങ്ങൾ ചെയ്യാതെയും സമസ്ത ജനവിഭാഗങ്ങളെയും ഇടതുപക്ഷം തങ്ങൾക്കെതിരാക്കി മാറ്റിയിരുന്നു. അതിനു പുറമേയായിരുന്നു, സിപിഎമ്മിലെ പടലപ്പിണക്കങ്ങളും അതിന്റെ പേരിലുണ്ടായ പരസ്യവിവാദങ്ങളും. മുഖ്യമന്ത്രി വി.എഎസ്. അച്യുതാനന്ദനെ തോല്പിക്കുക എന്ന അജണ്ടയുമായി പിണറായി വിജയനും അനുയായികളും ഒരു വശത്തും, പിണറായിയെ ഇല്ലാതാക്കുക എന്ന ഏക അജണ്ടയുമായി വിഎസ് മറുവശത്തുമായി മുന്നോട്ടു പോയപ്പോൾ ഭരണമപ്പാടെ സ്തംഭിച്ചു.**

തെരഞ്ഞെടുപ്പു കഴിഞ്ഞു; ഇരുമുന്നണികളുടെയും വിശകലനങ്ങളും അവലോകനങ്ങളും പൂർത്തിയായി. അവകാശവാദങ്ങൾ മുഖവിലയ്ക്കെടുത്താൽ കേരളത്തിൽ പത്തു പന്ത്രണ്ടു ലോക്സഭാമണ്ഡലങ്ങൾ കൂടിയെങ്കിലും അധികമായി വേണ്ടിവരും.

എങ്കിലും അവകാശവാദങ്ങൾ ഒരു സൂചനയാണ്. തെരഞ്ഞെടുപ്പു കഴിഞ്ഞുള്ള ദിവസങ്ങളിൽ രൂപപ്പെട്ടുവരുന്ന രാഷ്ട്രീയ സംഭവവികാസങ്ങൾ കൂടി പരിശോധിച്ചാൽ ചുവരെഴുത്തു വ്യക്തമാകും.

പന്ത്രണ്ടു സീറ്റു വരെ കിട്ടുമെന്നാണ് ഇടതുമുന്നണിയുടെ കണക്കുകൂട്ടൽ. എട്ടു സീറ്റ് ഉറപ്പാണെന്നും അവർ പറയുന്നു. പത്തൊമ്പതു സീറ്റു വരെ കിട്ടാമെന്ന് യുഡിഎഫും ഉറപ്പിക്കുന്നു. പതിനഞ്ചു സീറ്റ് വരെ ഒരു സംശയമില്ലെന്നും. മുന്നണികൾ പ്രകടിപ്പിക്കുന്ന ആത്മവിശ്വാസം തന്നെ ഒരു ചൂണ്ടുപലകയാണ്. യുഡിഎഫ് തെരഞ്ഞെടുപ്പിൽ മേല്ക്കൈ നേടുമെന്ന വസ്തുതയാണ് ഇപ്പോൾ തെളിയുന്നത്.




നാളുകളായി കേരളത്തിൽ ഭരണവിരുദ്ധ വികാരം അലയടിക്കുകയായിരുന്നു. ഭരണത്തിലിരുന്നു കൊണ്ടു ചെയ്യാൻ പാടില്ലാത്ത കാര്യങ്ങൾ ചെയ്തും, ചെയ്യേണ്ട കാര്യങ്ങൾ ചെയ്യാതെയും സമസ്ത ജനവിഭാഗങ്ങളെയും ഇടതുപക്ഷം തങ്ങൾക്കെതിരാക്കി മാറ്റിയിരുന്നു. അതിനു പുറമേയായിരുന്നു, സിപിഎമ്മിലെ പടലപ്പിണക്കങ്ങളും അതിന്റെ പേരിലുണ്ടായ പരസ്യവിവാദങ്ങളും. മുഖ്യമന്ത്രി വി.എഎസ്. അച്യുതാനന്ദനെ തോല്പ്പിക്കുക എന്ന അജണ്ടയുമായി പിണറായി വിജയനും അനുയായികളും ഒരു വശത്തും, പിണറായിയെ ഇല്ലാതാക്കുക എന്ന ഏക അജണ്ടയുമായി വിഎസ് മറുവശത്തുമായി മുന്നോട്ടു പോയപ്പോൾ ഭരണമപ്പാടെ സ്തംഭിച്ചു.

പിന്നാലെ ലാവ്‌ലിൻ അഴിമതി കേസ് സജീവമായി. പിന്നീട് പിണറായി നയിച്ച നവകേരള മാർച്ചായി സജീവ ചർച്ചാവിഷയം. മാർച്ചിൽ വിഎസ് പങ്കെടുക്കുമോ ഇല്ലയോ എന്നു ചർച്ച ചെയ്തു കുറേ ദിവസം മാറിക്കിട്ടി. തെരഞ്ഞെടുപ്പു പ്രഖ്യാപിച്ചപ്പോഴും പുതിയ വിശേഷങ്ങൾ ഒന്നിനു പുറമേ ഒന്നായി ഉണ്ടായിക്കൊണ്ടിരുന്നു. സിപിഐയുമായി കലഹം, ജനതാദളുമായി ഉടക്ക്, തുടർന്ന് മന്ത്രിയുടെ രാജി, ആർഎസ്പിയുമായി അകൽച്ച. അങ്ങനെ തർക്കങ്ങളും കലഹങ്ങളുമായാണ് ഇടതുമുന്നണി തെരഞ്ഞെടുപ്പുരംഗത്തേക്ക് ഇറങ്ങിയത്.

സ്ഥാനാർഥി നിർണയത്തിന്റെ കാര്യത്തിലേക്കു കടന്നതോടെ മദനിയായി താരം. പിണറായിയും മദനിയും കൂടി ഇടതുമുന്നണിയെ ഹൈജാക്ക് ചെയ്തു കൊണ്ടു പോയപ്പോൾ ജനതാദൾ പുറത്തു പോയി, ബാക്കിയുള്ള ഘടകകക്ഷികളെല്ലാം മാപ്പുസാക്ഷികളായി മാറി.

ഏതായാലും ഇതിന്റെയെല്ലാം പേരിൽ തെരഞ്ഞെടുപ്പിൽ ഒരുപാടു വാദപ്രതിവാദങ്ങൾ ഉയർന്നെങ്കിലും ഇക്കുറി നിർണായകമാകുക പാർട്ടിക്കുള്ളിൽ നില്ക്കുന്ന ഒരു വിഭാഗത്തിന്റെ നിലപാടായിരിക്കുമെന്ന് പാർട്ടിക്കാർ തന്നെ ചങ്കിടിപ്പോടെ അംഗീകരിക്കുന്ന സ്ഥിതിയാണിപ്പോൾ. കേരളത്തിലെ അഞ്ചു പാർലമെണ്ട് മണ്ഡലങ്ങളിൽ വിമതസ്ഥാനാർഥികളായി, പാർട്ടിക്കു പുറത്തു പോയവർ മത്സരരംഗത്തിറങ്ങിയതു തന്നെ പാർട്ടി സ്ഥാനാർഥികളുടെ സാധ്യതയ്ക്കു മങ്ങലേല്പ്പിച്ചുവെന്ന് വളരെ വ്യക്തം. അതുകൊണ്ടാണല്ലോ അവഗണിച്ചു വിടുക എന്ന തുടക്കത്തിലെ തന്ത്രം പിന്നീട് മർദിച്ചൊതുക്കുക എന്നതിലേക്കു മാറ്റിയത്. പാലക്കാട്ട് എം.ആർ. മുരളിയും വടകരയിൽ ചന്ദ്രശേഖരനുമൊക്കെ സഖാക്കളുടെ കൈക്കരുത്ത് അറിഞ്ഞു. പാർട്ടി സ്ഥാനാർഥികൾക്ക് ഇവർ എത്രമാത്രം ഭീഷണി ഉയർത്തുന്നു എന്നതിന് വ്യക്തമായ തെളിവാണിത്.

ഇവർ പിടിക്കുന്ന വോട്ടിനെക്കാൾ നിർണായകമാകുക പാർട്ടിക്കുള്ളിൽ ഇപ്പോഴും നില്ക്കുന്ന അസംതൃപ്തരായ ഒരു വിഭാഗത്തിന്റെ നിലപാടായിരിക്കും. സൈദ്ധാന്തികമായി പാർട്ടിയുടെ സമീപകാലനിലപാടുകളോടു യോജിപ്പില്ലാത്ത ഈ വിഭാഗത്തിൽ പെട്ട കുറേപ്പേർ വോട്ടുചെയ്യാൻ പോയിട്ടില്ല. പോയവർ തന്നെ ആർക്കു വോട്ടു ചെയ്തു എന്നതിലാണ് പ്രശ്നം. ഇത്തരക്കാരുടെ സ്വാധീനം മനസ്സിലാക്കണമെങ്കിൽ തെരഞ്ഞെടുപ്പു ഫലം പുറത്തുവരണം.

തെരഞ്ഞെടുപ്പു ഫലത്തെക്കുറിച്ചുള്ള മറ്റൊരു സൂചന തെരഞ്ഞെടുപ്പിനു തൊട്ടു പിന്നാലെ വ്യാപകമായി അരങ്ങേറിയ അക്രമങ്ങളാണ്. തെരഞ്ഞെടുപ്പു ദിവസവും തൊട്ടു പിന്നാലെയും ഒറ്റപ്പെട്ട അക്രമങ്ങൾ കേരളത്തിലുണ്ടാകാറുണ്ട്. എന്നാൽ ഇക്കുറി അക്രമം വ്യാപകമായിരുന്നു. അത് ആസൂത്രിതമാണെന്നും കരുതേണ്ടിവരും.

>> 6

## അറിയേണ്ടും വാർത്തകൾ

### സാമ്പത്തിക മാന്ദ്യം

### ലോക ഐടി ഭീമനും അടിപതറുന്നു

വളർച്ചയുടെയും പുരോഗതിയുടെയും പര്യായമായി മാറിയ ഐടി ഭീമനായ മൈക്രോസോഫ്റ്റിനും സാമ്പത്തിക മാന്ദ്യത്തിന്റെ തിരത്തള്ളലിൽ അടിപതറുന്നു. 2009ലെ ആദ്യ സാമ്പത്തിക പാദത്തിൽ കഴിഞ്ഞവർഷത്തെക്കാൾ ആറു ശതമാനത്തിന്റെ ഇടിവുണ്ടായതായി കമ്പനി വെളിപ്പെടുത്തുന്നു.

സാമ്പത്തിക പ്രതിസന്ധിയുടെ ആഘാതം ലോകത്തെ ഏറ്റവും വലിയ സോഫ്റ്റ് വെയർ നിർമാതാക്കളെയും ബാധിച്ചിരിക്കുന്നുവെന്നത് ഓഹരിവിപണിയിൽ മ്ലാനത പരത്തിയിരുന്നു.

ഇപ്പോൾ ഉണ്ടായിരിക്കുന്നതായ ഇടിവ് അടുത്ത സാമ്പത്തികപാദത്തിലും തുടരാമെന്ന് കമ്പനിയുടെ ചീഫ് ഫിനാൻഷ്യൽ ഓഫീസർ ക്രിസ് ലിഡ്ഡെൽ പറയുന്നു. അതിനാൽ തന്നെ സാമ്പത്തിക പ്രതിസന്ധിയുടെ തീവ്രത കുറയ്ക്കുന്നതിനായി 18 മാസത്തിനുള്ളിൽ 5000 ജീവനക്കാരെയെങ്കിലും പിരിച്ചുവിടേണ്ടതായി വരും. ഇതിൽ അടിയന്തിരമായി 1400 പേരെയും.

എന്നാൽ മൈക്രോസോഫ്റ്റ് അതിന്റെ ഓപ്പറേറ്റിംഗ് സിസ്റ്റത്തിന്റെ പുതിയ പതിപ്പായ വിൻഡോസ് 7, 2010 സാമ്പത്തിക വർഷത്തിൽ വിപണിയിൽ ഇറക്കുന്നു എന്ന പ്രഖ്യാപനമുണ്ടായി ഏതാനും മണിക്കൂറുകൾക്കുള്ളിൽ മൈക്രോസോഫ്റ്റിന്റെ ഓഹരിവിലയിൽ നാലുശതമാനത്തിന്റെ വർധനവാണുണ്ടായത്.

❖ ❖ ❖

### മുലയൂട്ടൽ

### മാതൃഹൃദയവും സംരക്ഷിക്കപ്പെടുന്നു



നവജാത ശിശുക്കളുടെ വളർച്ചയ്ക്കും ആരോഗ്യത്തിനും ഓജസ്സിനും മുലപ്പാൽ അത്യന്താപേക്ഷിതമാണ്. എന്നാൽ മുലയൂട്ടൽ വഴി മാതാവിന്റെ ആരോഗ്യവും സംരക്ഷിക്കപ്പെടുമെന്നും പ്രത്യേകിച്ച് ഹൃദയസംബന്ധമായ എല്ലാവിധ അസുഖങ്ങളിൽ നിന്നും സംരക്ഷണം കിട്ടുമെന്നും പുതിയപഠനം തെളിയിച്ചിരിക്കുന്നു.

അമേരിക്കയിലെ പിറ്റ്സ്ബർഗ് യൂണിവേഴ്സിറ്റിയിലെ അംഗങ്ങൾ ഡോ. ഇലീനർ ബിംല ഷ്വാർഡിന്റെ നേതൃത്വത്തിൽ നടത്തിയ പഠനമാണ് ഈ കണ്ടെത്തലിലെത്തിയത്. 1,40,000 മാതാക്കളെ പങ്കെടുപ്പിച്ചുകൊണ്ടാണ് പഠനം നടത്തിയത്.

പ്രമേഹം, രക്തസമ്മർദം, കൊളസ്ട്രോൾ തുടങ്ങിയ ഹൃദയത്തിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്ന ഘടകങ്ങളെയെല്ലാം മാതാക്കൾക്ക് മുലയൂട്ടലിലൂടെ അകറ്റിനിർത്തുവാൻ കഴിയും.

ഗർഭകാലത്തെ ശാരീരികക്ഷീണത്തിൽ നിന്നും സ്ത്രീകൾക്ക് ആരോഗ്യം വീണ്ടെടുക്കുന്നതിനും മുലയൂട്ടൽ കാരണമാകുന്നു. എന്നാൽ ഇത് ഒഴിവാക്കുന്നതു ഹൃദയസംബന്ധമായ അസുഖങ്ങൾ മാതാവിന് ഉണ്ടാകാൻ ഇടവരുത്തും. അതിനാൽ കുറഞ്ഞത് ആറുമാസത്തെ തുടർച്ചയായ മുലയൂട്ടൽ കുട്ടിക്കും ഒപ്പം മാതാവിനും ഒരുപോലെ അത്യന്താപേക്ഷിതമാണ്.

CYAN MAGENTA YELLOW BLACK